**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5296** **15-03-2023 - ൽ മറുപടിയ്ക്ക്**

**കൃഷി ഭവനുകൾ സ്മാർട്ടാക്കുന്ന പ്രവർത്തനങ്ങളുടെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ പാണാവള്ളി കൃഷി ഭവന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൃഷി ഡയറക്ടറേറ്റിലേക്ക് അയച്ച ഫയലിൽ കാലതാമസമുണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | നിലവിലെ സർക്കാർ ഉത്തരവ് (07/08/2017ലെ സ.ഉ.(അച്ചടി)102/2017/ഫിൻ) അനുസരിച്ച് കെട്ടിടം പൊളിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ സർവ്വേ റിപ്പോർട്ട് ആവശ്യമാണ്. പാണാവള്ളി കൃഷിഭവൻ നിർമ്മാണത്തിനായി പഴയ കെട്ടിടം പൊളിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനായി ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഹാജരാക്കിയ രേഖകളിൽ പൊതുമരാമത്ത് വകുപ്പിൽ നിന്ന് ലഭ്യമാക്കുന്ന സർവ്വേ റിപ്പോർട്ട് ഹാജരാക്കിയിരുന്നില്ല. ആയത് ലഭ്യമാകുന്നതിന് കാലതാമസം നേരിടുകയുണ്ടായി. ടി റിപ്പോർട്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള ഉത്തരവ് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | കൃഷി ഭവനുകൾ സ്മാർട്ടാക്കുന്നതിന് എം.എൽ.എ. ഫണ്ട് അനുവദിക്കുമ്പോൾ നിസ്സാര കാരണങ്ങൾ പറഞ്ഞ് പ്രസ്തുത പ്രവൃത്തി നീട്ടിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ